LIBRARY ARCHIVES Kerala Legislative Assembly

കെ.എഫ്.സി.യുടെ ബാധ്യത

126 (1712) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എഫ്.സി.യുടെ ഏതെല്ലാം ബാധ്യതകളാണ് കഴിഞ്ഞ വർഷം സർക്കാർ ഏറ്റെടുത്ത് ഒഴിവാക്കിയതെന്നറിയിക്കുമോ ;

(ബി) ഈ സ്ഥാപനത്തിന്റെ ഇത്തരം ബാധ്യത ഈ സാമ്പത്തിക വർഷം വീട്ടാനായി എന്ത് തുക സർക്കാർ സഹായം ലഭ്യമാക്കാനായി എന്നറിയിക്കുമോ ; ഇനി എന്ത് തുക കൂടുതൽ നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കെ.എഫ്.സി.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് മറ്റെന്തൊക്കെ ഉത്തേജക പാക്കേജുകൾ ഈ വർഷം നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. അവയിൽ എന്തൊക്കെ പാക്കേജുകൾ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2009-2010 സാമ്പത്തിക വർഷത്തിൽ കെ.എഫ്.സി.യുടെ ഒരു ബാധ്യതയും സർക്കാർ ഏറ്റെടുത്തിട്ടില്ല.

(ബി) കെ.എഫ്.സി.യുടെ ഏതെങ്കിലും ബാധ്യത വീട്ടാനായി തുകയൊന്നും ഈ വർഷം സർക്കാർ നൽകിയിട്ടില്ല. കൂടാതെ, ഇനി തുക നൽകാനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലുമില്ല.

(സി) കെ.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലെ പാക്കേജുകൾക്ക് പുറമെ വ്യവസായ സംരംഭകരുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കും സൂക്ഷ്മ വ്യവസായ സംരംഭകർക്കും (micro enterprises) കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാനായി 791 ലക്ഷം രൂപ മൂലധനമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ഇൻഷ്വറൻസ് വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ

127 (1713) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര പദ്ധതികൾ നടന്നുവരുന്നുണ്ട് ; ഇവ ഏതെല്ലാം ;

(ബി) പുതുതായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതി പ്രകാരം പോളിസി ഉടമകൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിൽ സർക്കാർ ജീവനക്കാർക്കും, പൊതുമേഖല, അർദ്ധ സർക്കാർ ജീവനക്കാർക്കും, ബാധകമാക്കിയിട്ടുള്ള സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ.) ഗ്രൂപ്പ് ഇൻഷ്വറൻസ് (ജി.ഐ.എസ്.) എന്നീ പദ്ധതികളും ജനറൽ ഇൻഷ്വറൻസ് ബ്രാഞ്ചിൽ സംസ്ഥാന സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാരിന് മുഖ്യമായും സാമ്പത്തിക താൽപര്യമുള്ള സ്ഥാപനങ്ങളുടെ സ്ഥാവര-ജംഗമ വസ്തുക്കളുടെ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി ഇപ്പോൾ നടത്തിവരുന്നു.

(ബി) ജനറൽ ഇൻഷ്വറൻസ് വിഭാഗത്തിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണം എന്നീ മേഖലകളിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.) 2011 കലണ്ടർ വർഷം മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ 100 രൂപ വാർഷിക പ്രീമിയമായി അടയ്ക്കുമ്പോൾ ജീവനക്കാരന് അപകട മരണമോ അപകടത്തെ തുടർന്ന് പൂർണ്ണ വൈകല്യമോ സംഭവിച്ചാൽ ജീവനക്കാർക്ക്/ആശ്രിതർക്ക് 8 (എട്ട്) ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ലൈഫ് ബ്രാഞ്ചിൽ മേൽ പ്രസ്താവിച്ച മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കായി മണിബാക്ക് മാതൃകയിലുള്ള ധനവർഷ, സേവിംഗ്സ്-കം-ഇൻഷ്വറൻസ് പദ്ധതിയായ ധനസമൃദ്ധി എന്നീ രണ്ട് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ധനവർഷ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായി ചേരുന്ന പോളിസി ഉടമകൾക്ക് നിബന്ധനയ്ക്ക് വിധേയമായി 35-ാം വയസ്സു മുതൽ 5 വർഷത്തിലൊരിക്കൽ വാഗ്ദത്ത തുകയുടെ 20% വീതം സർവൈവൽ ബെനിഫിറ്റ് ആയി ലഭിക്കുന്നു. പോളിസി കാലാവധി പൂർത്തിയാകുമ്പോൾ ശേഷിക്കുന്ന തുകയും ബോണസും ലഭിക്കുന്നു. പോളിസി കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് പോളിസിയുടമ മരണമടയുകയാണെങ്കിൽ അതുവരെ നൽകിയിട്ടുള്ള സർവൈവൽ ബെനിഫിറ്റ് കുറവു ചെയ്യാതെ മുഴുവൻ വാഗ്ദത്ത തുകയും ബോണസും നൽകുന്നു. ധനസമൃദ്ധി പദ്ധതിയിൽ 100 രൂപ മുതൽ 50 രൂപയുടെ ഗുണിതങ്ങളായി ഏതു തുകയും പ്രതിമാസ നിക്ഷേപത്തിനായി നിശ്ചയിക്കാം. നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശയും ലഭിക്കുന്നു. പദ്ധതിയിൽ നിക്ഷേപിച്ച തുകയും പലിശയുമുൾപ്പെടെയുള്ള തുകയുടെ 95% വരെ 8.5% പലിശ ഈടാക്കിക്കൊണ്ട് വായ്പയായി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. വായ്പ പരമാവധി 36 തവണകളായി തിരിച്ചടയ്ക്കാൻ സൗകര്യമുണ്ട്. മേൽപ്പറഞ്ഞ ധനവർഷ, ധനസമൃദ്ധി പദ്ധതികളിൽ അപകട മരണ പരിരക്ഷയുള്ള റൈഡർ ലഭ്യമാണ്. പോളിസിയിൻമേൽ റൈഡർ പ്രീമിയവും ഒടുക്കുന്നുവെങ്കിൽ വാഗ്ദത്ത തുകയുടെ ഇരട്ടി തുക ലഭിക്കാൻ അർഹതയുണ്ട്.

1070/2013

LIBRARY ARCHIVES Kerala Legislative Assembly